# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 373**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടൊൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

സെപ്റ്റംബർ മാസം 20–ാം തീയതി ഞായറാഴ്ച നാം **വയോജന ഞായറാഴ്ച** ആയി വേർതിരിച്ചിരിക്കയാണ്. അറുപതു വയസ്സിനു മുകളിൽ പ്രായമുള്ളവരെയാണ് മുതിർന്ന പൗരർ ആയി കണക്കാക്കുന്നത്. ഈ മുതിർന്ന പൗരന്മാർ സജീവ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു തക്ക ആരോഗ്യം ഉള്ളവർ, സ്വഭവനങ്ങളിൽ മാത്രം കഴിയുന്നവർ തീർത്തും ശയ്യാവലംബികളുമായവർ എന്നീ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നവരാണ്. മുതിർന്ന പൗരരുടെ കഴിവുകളും അനുഭവജ്ഞാനവും ഇടവകയും സമൂഹവും പ്രയോജനപ്പെടുത്തുന്നത് നമ്മുടെ ദൗത്യനിർവ്വഹണത്തിന് മുതൽകൂട്ടാകും. കോവിഡ് മഹാമാരിയുടെ വ്യാപനം നമ്മെ ആശങ്കാകുലരാക്കുന്നു എങ്കിലും നമ്മുടെ വീണ്ടെടുപ്പുകാരനും പരിപാലകനുമായ കർത്താവിൽ ശരണപ്പെട്ടു പ്രവർത്തിക്കാം. ആത്മീകവും സാമൂഹ്യവുമായുള്ള കൂട്ടായ്മ കോവിഡ് നിയന്ത്രണങ്ങൾക്ക് വിധേയമായി നൽകുവാൻ ഇടവകകൾ തയ്യാറാകണം. ആരോഗ്യമുള്ള മുതിർന്ന പൗരർ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഏകാന്തതയിൽ കഴിയുന്ന വയോജനങ്ങളുടെ കാര്യങ്ങൾ അന്വേഷിക്കുകയും ബന്ധം ശക്തിപ്പെടുത്തുകയും വേണം. യുവജനസഖ്യം, സേവികാസംഘം, ഇടവകമിഷൻ മുതലായ സംഘടനകൾക്കും ഇക്കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കും.

ആയുസ്സിന്റെ സംവത്സരങ്ങൾ ദൈവത്തിന്റെ ദാനമാണ്. “വാർധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ” (സങ്കീ: 71:9) എന്ന് സങ്കീർത്തനക്കാരനോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം. സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള മുതിർന്നവർ അവരുടെ വാർദ്ധക്യത്തിൽ അവഗണിക്കപ്പെടുവാൻ ഇടയാകരുത്. മുതിർന്നവരെ കരുതുന്ന തലമുറ അനുഗ്രഹിക്കപ്പെട്ടത്.

ദൈവം നടത്തിയ വഴികളും സംരക്ഷണവും ഓർത്തുകൊണ്ട് ദൈവിക കല്പനകളിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ടുപോകുവാൻ വൃദ്ധനായ യോശുവ തന്റെ ജനത്തെ ഉപദേശിച്ചു. അതുപോലെ തങ്ങളുടെ അനുഭവങ്ങളും ആദർശങ്ങളും പുതിയ തലമുറയ്ക്ക് പങ്കിടുന്നതിനു വൃദ്ധരായ സഭാജനങ്ങൾ ശ്രദ്ധിക്കണം. വൃദ്ധനായ ശിമയോൻ ശിശുവായ യേശുവിനെ കയ്യിലെടുത്ത് ദൈവികരക്ഷയെ കണ്ടു സംതൃപ്തി അടഞ്ഞതുപോലെ, പഴയ തലമുറ തങ്ങളുടെ അറിവും ദൈവിക പരിജ്ഞാനവും പുതിയ തലമുറക്ക് കൈമാറി കൃതാർത്ഥരാകുവാൻ ദൈവം ഇടയാക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 സെപ്റ്റംബർ മാസം 17–ാം തീയതി,

J. mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**